(Pages : 4) **1369**

# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**Second Semester B.A. / B.Sc. Degree Examination, June 2016**
**First Degree Programme under CBCSS**
**Additional Language: Malayalam – II**
**AUML211.1 / AUML211.2: Gadhyasahithyam**

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെയോ ഉത്തരമെഴുതുക.*

1. 'ഫാസിസത്തിന്റെ മനഃശാസ്ത്രം' എന്ന കൃതി രചിച്ചത് ആര് ?
2. ചെഖോവ്, കാതറീൻമാൻസ്ഫീൽഡ് എന്നിവർ ചികിത്സാവിധികളെ നിരാകരിക്കാൻ കാരണമെന്ത് ?
3. കവിതയുടെ ഇന്ദ്രിയ ഗോചരമായ ബാഹ്യഘടകം ഏത് ?
4. കലാമണ്ഡലം കൃഷ്ണൻനായരുടെ ആത്മകഥയുടെ പേര് എന്ത് ?
5. എം.എൽ.സി. കഥകളുടെ കർത്താവാര് ?
6. പത്മരാജന്റെ ഏതു സിനിമയ്ക്കാണ് രജതകമലം പുരസ്കാരം ലഭിച്ചത് ?
7. 'കുർക്സ്' ഏതു വിഭാഗത്തിൽപ്പെട്ട കൃതിയാണ് ?
8. 'അവന്റെ ആവനാഴിയിലെ സർവ്വപ്രധാനമായ ആയുധമാകുന്നു അത്.' – ഏത് ആയുധത്തെക്കുറിച്ചാണ് ഈ സൂചന ?
9. 'തെരുവുകളിൽ ശബ്ദം വിറ്റു ജീവിച്ച ആ പഴയ പയ്യനെ ഞാൻ ഓർത്തുപോയി' – പയ്യനാര് ?
10. 'വാസ്തവത്തിൽ അത്തരം കാര്യങ്ങളിലൊക്കെ അയാൾക്ക് വലിയ നാണമായിരുന്നു' – ഏതു തരം കാര്യത്തിൽ ?

**(10 × 1 = 10 Marks)**

P.T.O.

## SECTION – B

***ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. ''നല്ല വിരോധാഭാസം ! മാധവനോട് ഇങ്ങോട്ട് പണം വാങ്ങാനല്ല ഞാൻ വന്നത്''– ഇവിടെ പരാമർശിച്ചിരിക്കുന്ന വിരോധാഭാസം വ്യക്തമാക്കുക.
12. ''നടക്കുന്നതിനിടയിൽ മഴയെ വെട്ടിച്ച് അടുത്തെവിടെ നിന്നോ ഒരു കൊച്ചു കുഞ്ഞിന്റെ കരച്ചിൽ പോലൊരു ശബ്ദം'' – കുഞ്ഞിന്റെ കരച്ചിൽ നൽകുന്ന സൂചന എന്ത് ?
13. ''എന്റെ നെഞ്ചിലൂടെ ഒരിടിവാൾ കുത്തനെ ഇറങ്ങി'' – അശോകന് ഇങ്ങനെ തോന്നാനെന്താണ് കാര്യം ?
14. 'ആ നാടകീയരംഗം കണ്ടുനിന്നവർക്ക് അവർ സ്റ്റേജിൽ നിൽക്കുകയാണെന്ന് തോന്നി' – ഏതായിരുന്നു ആ നാടകീയ രംഗം ?
15. ''ഞാനും ആ വിഡ്ഢിത്തം കാട്ടും എന്നാണ് എനിക്കു തോന്നുന്നത്'' – ആ വിഡ്ഢിത്തം എന്ത് ?
16. 'ഭാവനയിൽ ജയിച്ച ബാലനത്രേ മാമ്പഴത്തിലെ നായകൻ!' എന്ന് ലേഖകൻ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട് ?
17. ക്ഷയരോഗബാധിതരായി മരിച്ച എഴുത്തുകാർ രോഗത്തിന്റെ ഭയങ്കരാവസ്ഥ കൃതികളിൽ സൂചിപ്പിച്ചിരിക്കുന്നതെങ്ങനെ ? വിശദമാക്കുക.
18. 'ആത്മാവിഷ്ക്കാരമാണ് കവിത' എന്നു പറയുന്നത് എന്തുകൊണ്ട് ?
19. 'അവിടെച്ചെന്നപ്പോ കണ്ട കാഴ്ച എന്നെ തളർത്തിക്കളഞ്ഞു' – ആ ദയനീയ കാഴ്ച എന്തായിരുന്നു ?
20. 'ഏതോ മഹത്തായ ശക്തി ആകാശം മുട്ടി വന്നിട്ട് അതിപ്രഭയോടെ ശരീരത്തിൽക്കൂടെ കടന്നുപോയതായെനിക്കു തോന്നി' – അമാനുഷികമായ ആ ചൈതന്യം എന്തെന്ന് സൂചിപ്പിക്കുക ?
21. ''ജന്മിത്തം തകർക്കണം എന്ന് ഉറക്കെ വിളിച്ചിരുന്ന അയാൾക്ക് തൊണ്ട ഇടറി'' – കാരണമെന്ത് ?
22. 'എന്നെ ഞാനായി മാത്രം കണ്ടാൽ എന്താ കുഴപ്പം?' എന്ന ചോദ്യത്തിന്റെ അർത്ഥതലം വ്യക്തമാക്കുക.

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക*

23. 'എന്റെ ഗന്ധർവ്വസ്നേഹിതൻ' എന്ന കഥയുടെ ആഖ്യാനത്തിൽ ഫാന്റസി ഒരു ഘടകമായി വർത്തിച്ചിട്ടുണ്ടോ ? വിലയിരുത്തുക.
24. 'അവളുടെ ഭാവഭേദങ്ങളും വാക്കുകളും എന്നെ ലജ്ജിപ്പിച്ചു'. കാരണമെന്ത് ?
25. 'ഞാനും ഒരു മനുഷ്യനാണ്, ഒരു മനുഷ്യപുത്രിയുടെ മകൻ' എന്ന തിരിച്ചറിവ് കഥാഗതിക്ക് മാറ്റു കൂട്ടുന്നുണ്ടോ ? വിശദമാക്കുക.
26. 'പ്രത്യയശാസ്ത്രങ്ങൾ മാത്രമല്ല കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു' എന്ന പ്രസ്താവന എത്രമാത്രം യാഥാർത്ഥ്യബോധത്തോടടുത്തു നിൽക്കുന്നുവെന്ന് വിലയിരുത്തുക.
27. 'മാമ്പഴം' എന്ന കവിതയുടെ ഹൃദയാവർജ്ജകത്വത്തിന് നിദാനമായി ലേഖകൻ കണ്ടെത്തുന്ന ഘടകങ്ങൾ എന്തെല്ലാം ?
28. 'കാൽപ്പനികമായ രൂപഭാഷയ്ക്കുള്ളിൽ കവിയായ നോവലിസ്റ്റ് കഠിന യാഥാർത്ഥ്യങ്ങളെ നിറച്ചുകൊണ്ടിരുന്നത് എങ്ങനെ ?
29. 'എന്നോടുള്ള ബഹുമാനമല്ല, കാവ്യകലയോട് ആദിദ്രാവിഡനുള്ള അഗാധമായ ആദരവാണ് അദ്ദേഹം കാണിച്ചത് എന്നു മനസ്സിലാക്കാൻ വേണ്ട സുകൃതം എനിക്കുണ്ടായി.' വ്യംഗ്യമെന്ത് ?
30. 'കവലെ ? കവലയല്ലമേൽ എൻ വാഴ്കയിൽ ഒന്റുമേയില്ലെ' ഈ വിഷാദത്തിനു കാരണമെന്ത് ?
31. 'കല ഒരുതരം ട്രപ്പീസ് വിദ്യ'യാണെന്ന് എഴുത്തുകാരന് ബോധ്യം വന്നതെങ്ങനെ ?

**(6 × 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. ഉത്തരാധുനികതയുടെ സവിശേഷതകൾ 'ഒരു ദളിത് യുവതിയുടെ കദനകഥ'യെ ആസ്പദമാക്കി വിലയിരുത്തുക.
33. 'മനുഷ്യമനസ്സിലെ തീവ്രവ്യഥയുടെ വ്യാഖ്യാനമാണ് പലപ്പോഴും ടി.പത്മനാഭന്റെ കഥകൾ'. 'കടയനെല്ലൂരിലെ ഒരു സ്ത്രീ' എന്ന കഥയോട് ഈ പ്രസ്താവന എത്രമാത്രം നീതിപുലർത്തുന്നു ?

34. ‘ഇതാ ഇവിടെവരെയുടെ പരസ്യവണ്ടി പുറപ്പെടുന്നു’ എന്ന കഥയിലൂടെ ജീവിതപരിണാമത്തിലെ ചില യാഥാർത്ഥ്യങ്ങളുടെ വിശകലനമായിരുന്നു സക്കറിയ ലക്ഷ്യമാക്കിയത്. വിമർശനാത്മകമായി പരിശോധിക്കുക.

35. കേരളത്തിന്റെ പാരിസ്ഥിതിക സംതുലനത്തിൽ റിയൽഎസ്റ്റേറ്റ് പിടിമുറുക്കുന്ന കാഴ്ചയാണ് 52 x 32 എന്ന കഥ അവതരിപ്പിക്കുന്നത്. വിശദമാക്കുക.

**(2 × 15 = 30 Marks)**

⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*⌠*